(ബി) കൊയിലാണ്ടി താലൂക്കിലെ തീരദേശ റോഡിന് എത്ര കിലോമീറ്റർ നീളമുണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) 1999-2000 വർഷത്തെ ബഡ്ജറ്റിൽ തീരദേശ റോഡിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ;

(ഡി) കൊയിലാണ്ടി താലൂക്കിൽ തീരദേശ റോഡിന്റെ പ്രൊപ്പോസൽ എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ ഭാഗികമായി തീരദേശ റോഡ് ഉണ്ട്.

ഫ്രാൻസിസ് റോഡ്-വെൺഗാളി ഗേറ്റ് റോഡ് നിർദ്ദിഷ്ട തീരദേശ റോഡിന്റെ ഭാഗമാണ്. കടലുണ്ടി അഴിയൂർ തീരദേശ റോഡിന്റെ പ്രൊപ്പോസൽ നിലവിലുണ്ട്.

(ബി) കൊയിലാണ്ടി താലൂക്കിലെ പ്രസ്തുത തീരദേശ റോഡിന്റെ നീളം 24.50 കിലോമീറ്ററാണ്.

(സി) 1999-2000 വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ചീഫ് എൻജിനീയറുടെ എൻ. എസ്സിൽ 15 കോടി രൂപയുടെ പണി ആരംഭിച്ചിട്ടുണ്ട്. ബീച്ച് റോഡിന്റെ വികസനത്തിന് വേണ്ടിയാണ്.

(ഡി) കൊയിലാണ്ടി താലൂക്കിൽ തീരദേശ റോഡിന്റെ 1300 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ ഉണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചേ പണി ഏറ്റെടുക്കുകയുള്ളൂ.

സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ച നടപടി

146 (3023) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്താണി, പൂവ്വണശ്ശേരി, അണയനട, വൈന്തല, അഷ്ടമിചിറ പ്രദേശം ഉൾപ്പെടുന്ന സ്ഥലങ്ങൾ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിനുള്ള അനന്തര നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അത്താണി, പൂവ്വണശ്ശേരി, അണയനട, വൈന്തല, അഷ്ടമിചിറ പ്രദേശങ്ങൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly